എൽ.പി., യു.പി. അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ്

64 (2993)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. അസിസ്റ്റന്റുമാരുടെ റാങ്ക്ലിസ്റ്റ് ഏതൊക്കെ ജില്ലകളിലാണ് നിലവിലുള്ളത്;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച കോടതി വിധിക്കുശേഷം ഏതൊക്കെ ജില്ലകളിൽ എത്രപേരെ വീതം നിയമിച്ചു;

(സി) കോടതിവിധിക്കു ശേഷം കോട്ടയം ജില്ലയിലെ ലിസ്റ്റിൽ നിന്നും നിയമനം നടന്നുവോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എൽ.പി., യു.പി. അസിസ്റ്റന്റുമാരുടെ കോട്ടയം ജില്ലാ റാങ്കു ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള 1081 പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ പബ്ലിക് സർവീസ് കമ്മിഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷനിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് മേൽ തസ്തികകൾ നികത്തുന്നതാണ്.

(സി)&(ഡി) നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവീസ് കമ്മിഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

പി.എസ്.സി. സംവരണതത്വം

65 (2994)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തസ്തിക മാറ്റം വഴിയുള്ള മുനിസിപ്പൽ സെക്രട്ടറി, ലീഗൽ അസിസ്റ്റന്റ് ബി.ഡി.ഒ. എന്നീ തസ്തികകളിലെ നിയമനങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേക കാറ്റഗറിക്ക് സംവരണം ചെയ്ത ഒഴിവിലേക്ക് ആ കാറ്റഗറിയിൽപ്പെട്ട ഉദ്യോഗാർത്ഥി നിയമന ഉത്തരവ് കിട്ടിയിട്ടും ജോലിയിൽ പ്രവേശിക്കാതിരിക്കുന്നതുമൂലമുള്ള ഒഴിവിൽ അതേ കാറ്റഗറിയിൽപ്പെട്ട തൊട്ടടുത്ത റാങ്കുകാരനാണോ നിയമിതനാകേണ്ടത് എന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ പി.എസ്.സി. അനുവർത്തിക്കുന്ന തത്വവും സർക്കാർ അനുവർത്തിക്കുന്ന തത്വവും തമ്മിൽ വ്യത്യാസമുണ്ടോ;

(സി) കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് നടത്തിയ മുനിസിപ്പൽ സെക്രട്ടറിമാരുടേയും ലീഗൽ അസിസ്റ്റന്റുമാരുടേയും തസ്തികമാറ്റം വഴിയുള്ള നിയമനങ്ങളിൽ ഏതെങ്കിലും പ്രത്യേക കാറ്റഗറിക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവിൽ നിയമന ഉത്തരവ് കിട്ടിയിട്ടും ഉദ്യോഗം സ്വീകരിക്കാത്ത ഉദ്യോഗാർത്ഥിക്ക് പകരം അതേ ഒഴിവിൽ അതേ കാറ്റഗറിയിൽപ്പെട്ടവർ ഉണ്ടായിരുന്നിട്ടും അവർ നിയമിക്കപ്പെടാതെ വന്ന സംഭവമുണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly